പഞ്ചായത്തുകളിൽ മൃഗാശുപത്രിയും ക്രോസ് ബ്രീഡിംഗ് സെൻററും

628. [851] ശ്രീ. എസ്.ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു പഞ്ചായത്തിന് ഒരു മൃഗാശുപത്രിയും രണ്ട് ക്രോസ് ബ്രീഡിംഗ് സെൻററും എന്ന അനുപാതത്തിൽ ആശുപത്രികളും സെൻററുകളും ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) ഇപ്പോഴും പ്രവർത്തിക്കുന്ന ആശുപത്രികളുടെയും ക്രോസ് ബ്രീഡിംഗ് സെൻററിൻെറയും അനുപാതം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഒരു പഞ്ചായത്തിൽ ഒരു മൃഗാശുപത്രി എന്ന പൊതു തത്വം സ്വീകരിച്ചു നടപടികളും എടുത്തുവരുന്നുണ്ട്. ഓരോ പഞ്ചായത്തിലും ക്രോസ് ബ്രീഡിംഗ് സെൻറർ തുടങ്ങുന്നതു സംബന്ധിച്ച് അനുപാതം ഒന്നും സ്വീകരിച്ചിട്ടില്ല.

(ബി) മൃഗാശുപത്രികളും ക്രോസ് ബ്രീഡിംഗ് സെൻററുകളും (ഐ.സി.ഡി.പി.) തമ്മിലുള്ള അനുപാതം ഒന്നും നിശ്ചയിച്ചിട്ടില്ല.

വെറിനറി കോളേജ്

629. [852] ശ്രീ. വി.ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് ഒരു വെറിനറി കോളേജ് തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ 1986-87 സാമ്പത്തിക വർഷം തന്നെ തുടങ്ങുമോ ?

ഉത്തരം

(എ), (ബി) സംസ്ഥാനത്ത് ഒരു വെറിനറി കോളേജ് തുടങ്ങുന്നതിനു സ്ഥലവും മറ്റും നിർദ്ദേശിക്കുന്നതിനായി നിയോഗിച്ച വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് പരിശോധിച്ച ശേഷമേ ഏതു സ്ഥലത്താണ് വെറിനറി കോളേജ് തുടങ്ങുന്നതെന്ന് അന്തിമമായി തീരുമാനിക്കുകയുള്ളു.

കൂട്ടുമുഖത്ത് ഒരു മൃഗാശുപത്രി

630. [853] ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ ഇരിക്കൂർ നിയോജകമണ്ഡലത്തിൽപ്പെട്ട കൂട്ടുമുഖം കേന്ദ്രമായി ഒരു മൃഗാശുപത്രി ആരംഭിക്കണമെന്ന ആവശ്യം ഗവൺമെൻറിൻെറ പരിഗണനയിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly